DESPATCHED On. 18/12/21

3/12/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 1111(1)/2021/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: 9952/SIC-G4/2021)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2021 ഡിസംബർ 3**

അഡ്വ. ആഷിക് കെ. മുഹമ്മദ് അലി,
ചേമ്പർ നം. 542,
കെ.എച്ച്.സി.എ.എ. ചേമ്പർ കോംപ്ലക്സ്,
നിയർ ഹൈക്കോടതി, എറണാകുളം – 682 031. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
ഇടപ്പള്ളി മേഖല കാര്യാലയം,
കൊച്ചി നഗരസഭ, എറണാകുളം.
2) അപ്പീൽ അധികാരി &
എക്സിക്യൂട്ടീവ് എഞ്ചിനീയർ,
കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ,
എറണാകുളം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 19/04/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 05/05/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 04/06/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 21/06/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 26/08/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 31/08/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 11/09/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 23/10/2021 |
| ഹിയറിംഗ് നടന്ന തീയതി | 30/11/2021 (വീഡിയോ/ ഓഡിയോ ഹിയറിംഗ്) |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ: | ഹാജരായി |
| എസ്.പി.ഐ.ഒ. | ഹാജരായി |

## ഉത്തരവ്

അഡ്വ. ആഷിക് കെ. മുഹമ്മദ് അലി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് വിവരം നിഷേധിച്ചു കൊണ്ടുള്ള മറുപടിയാണ് ലഭിച്ചതെന്നും മേൽപ്പടി മറുപടിയ്ക്കെതിരെ അപ്പീൽ സമർപ്പിച്ചു എന്നും അപ്രകാരം ഒന്നാം അപ്പീൽ അധികാരിയുടെ നിർദ്ദേശത്തെ തുടർന്നും ആവശ്യപ്പെട്ട മുഴുവൻ വിവരങ്ങളും എസ്.പി.ഐ.ഒ. ലഭ്യമാക്കിയിട്ടില്ലെന്നും ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കി വിവരാവകാശ

അപേക്ഷയ്ക്ക് പൂർണ്ണ മറുപടി ലഭ്യമാക്കാത്ത എതിർകക്ഷികൾക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കണമെന്നാണ്.

2. ഹർജിക്കാരൻ 19.04.2021 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്. പൊതുഭരണ വകുപ്പ് പുറപ്പെടുവിച്ച 69503/Cdn.5/2015/GAD Dated 30.3.2016, 84393/Cdn.5/2014/GAD Dated 9.2.2015, Cdn.5/186/2019/GAD Dated 12.2.2020, 77000/Cdn.5/06/GAD Dated 30.10.2016 എന്നീ സർക്കുലറുകളിലെ നിബന്ധനകൾ പാലിച്ച് ഹർജിക്കാരന്റെ അപേക്ഷയിലെ 1 മുതൽ 38 വരെയുള്ള ഇനങ്ങളിലായി ആവശ്യപ്പെട്ട വിവരങ്ങൾ നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 5.5.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട കൊച്ചി നഗരസഭ ഇടപ്പള്ളി മേഖലാ പരിധിയിൽ 37–ാം ഡിവിഷനിൽ പണിതിട്ടുള്ള കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങളാണ് ഹർജിക്കാരൻ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്നതെന്നും വിവരങ്ങൾ ക്രോഡീകരിച്ചു നൽകുക തുടങ്ങിയവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല എന്നതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട ടി വിവരം അറിയുന്നതിന് മുൻകൂട്ടി അറിയിച്ച് തീയതി നിശ്ചയിച്ച് വരുന്ന അവസരത്തിൽ ഓഫീസ് പ്രവൃത്തി ദിവസം ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുന്നതിന് അവസരം നൽകുന്നതാണെന്നും പരിശോധനാ വേളയിൽ ആവശ്യമായ കുറിപ്പുകൾ എടുക്കാവുന്നതാണെന്നും പകർപ്പ് എടുക്കുന്നതിന് നിശ്ചിത ഫീ നഗരസഭയിൽ ഒടുക്കി പകർപ്പ് എടുക്കാവുന്നതാണെന്നുമാണ്.

4. ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം നിഷേധിച്ചുകൊണ്ടാണ് മറുപടി നൽകിയത് എന്ന് ആക്ഷേപം ഉന്നയിച്ച് ഹർജിക്കാരൻ 04.06.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി 21.6.2021–ന് പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, വ്യക്തമായ കാരണങ്ങൾ സൂചിപ്പിക്കാതെ വിവരങ്ങൾ നിരസിച്ചുകൊണ്ടുള്ള മറുപടിയാണ് ഹർജിക്കാരന് നൽകിയിട്ടുള്ളതെന്നും ആയതിനാൽ വിവരങ്ങൾ നിരാകരിച്ച പി.ഐ.ഒ.യ്ക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടാണ് ഹർജിക്കാരൻ 7.6.2021–ന് അപ്പീൽ സമർപ്പിച്ചതെന്നും 5.5.2021–ന് എസ്.പി.ഐ.ഒ. നൽകിയ മറുപടി പരിശോധിച്ചതിൽ, വിരാവകാശ കമ്മീഷന്റെ 30.4.2008–ലെ 3083/എസ്.ഐ.സി–ജി–1/2008–ാം നമ്പർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് പി.ഐ.ഒ. അപേക്ഷകന് മറുപടി നൽകിയിട്ടുള്ളതെന്നും അപേക്ഷയിൽ 38 ചോദ്യങ്ങൾക്കുള്ള വിവരങ്ങളാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ളതെന്നും

ആയതിൽ 1-ാം നമ്പർ ചോദ്യത്തിന് നഗരസഭയുടെ വിവരാവകാശ സെൽ മുഖാന്തിരം മറുപടി ലഭ്യമാക്കേണ്ടിയിരുന്നതാണെന്നു കാണുന്നു എന്നും ചോദ്യം 2, 4, 5, 7, 9, 10, 12, 14, 15, 17, 19, 20 എന്നിവയ്ക്ക് ഫയൽ പരിശോധിച്ച് മറുപടി നൽകേണ്ടിയിരുന്നതാണെന്നും, രേഖകളുടെ പകർപ്പുകൾ ആവശ്യപ്പെട്ടിട്ടുള്ള ചോദ്യം 32, 33, 34, 37, 38 എന്നിവയ്ക്ക് രേഖകൾ ബന്ധപ്പെട്ട ഫയലിൽ ലഭ്യമാണെങ്കിൽ നിയമപ്രകാരം ഫീസ് നിശ്ചയിച്ച് വിവരം അപേക്ഷകനെ അറിയിക്കേണ്ടിയിരുന്നതാണെന്നും എന്നാൽ വിവരങ്ങൾ ക്രോഡീകരിച്ച് നൽകുവാൻ നിർവ്വാഹമില്ലാത്ത സാഹചര്യത്തിലാണ് ഫയൽ പരിശോധിച്ച് വിവരങ്ങൾ ലഭ്യമാകുന്നതിനും പകർപ്പ് എടുക്കുന്നതിനും പി.ഐ.ഒ. അവസരം നൽകിയതെന്നും അപേക്ഷകന് മറുപടി മലയാളത്തിൽ നൽകി അപേക്ഷകനെ അപമാനിക്കാൻ ശ്രമിച്ചിട്ടില്ലെന്നും ഇത്തരത്തിൽ അപ്പീൽ സമർപ്പിക്കുവാൻ ഇടയാകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് പി.ഐ.ഒ. ഉത്തരവാദിത്വത്തോടെ നടപടി എടുക്കേണ്ടതാണെന്ന് നിർദ്ദേശം നൽകി അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ള മുഴുവൻ വിവരങ്ങളും രേഖകളും ഫയൽ പരിശോധിച്ച് അപ്പീൽ തീർപ്പ് കൈപ്പറ്റി 7 ദിവസത്തിനകം ഹർജിക്കാരന് സൗജന്യമായി നൽകുന്നതിന് പബ്ലിക് ഇൻഫർമേഷൻ ഓഫീസറെ ചുമതലപ്പെടുത്തി അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്. ടി അപ്പീൽ തീർപ്പിന്റെ അടിസ്ഥാനത്തിൽ 14.7.2021-ന് ഒന്നാം എതിർകക്ഷി ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

5. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, കൊച്ചി നഗരസഭാതിർത്തിയിൽ ഇടപ്പള്ളി പരിധിയിൽ സോണൽ ഓഫീസിന്റെ അധികാര പരിധിയിൽ വരുന്ന 'Skyline Orion Park Owners Association' ഭാരവാഹികൾ 10.12.2019, 13.12.2019, 23.3.2020, 10.10.2020 എന്നീ തീയതികളിലായി നഗരസഭയിൽ നൽകിയിരുന്ന പരാതികളിൽ സ്വീകരിച്ച നടപടികളെ കുറിച്ചാണ് 19.4.2021-ന് ഹർജിക്കാരൻ വിവരാവകാശ അപേക്ഷ സമർപ്പിച്ചതെന്നും ആയതിന് 5.5.2021-ന് പി.ഐ.ഒ. മറുപടി നൽകിയിട്ടുള്ളതാണെന്നും ടി മറുപടിയ്ക്കെതിരെ 4.6.2021 തീയതി ഒന്നാം അപ്പീൽ സമർപ്പിച്ചു എന്നും ആയതുപ്രകാരം ഹർജിക്കാരനെ നേരിൽ കേൾക്കുന്നതിന് 21.6.2021-ന് സമയവും തീയതിയും നിശ്ചയിച്ച് ഹർജിക്കാരന് അറിയിപ്പ് നൽകിയിരുന്നതാണെന്നും എന്നാൽ ഹർജിക്കാരൻ ഹിയറിഗിന് ഹാജരായില്ലെന്നും, ഹിയറിംഗുമായി ബന്ധപ്പെട്ട് പി.ഐ.ഒ. ഹാജരാക്കിയ മറുപടി പരിശോധിച്ചതിൽ ടിയാന്റെ വിവരാവകാശ അപേക്ഷയിലെ 38 ചോദ്യങ്ങളിൽ 12 ചോദ്യങ്ങൾക്ക് പി.ഐ.ഒ. മറുപടി നൽകേണ്ടിയിരുന്നതാണെന്നും മറ്റ് ചോദ്യങ്ങൾക്ക് ഫയലിൽ

ലഭ്യമാണെങ്കിൽ ടി വിവരം അറിയിക്കേണ്ടിയിരുന്നതുമായിരുന്നുവെന്നും അപ്രകാരം മറുപടി നൽകാതിരുന്നത് പി.ഐ.ഒ.യുടെ നിരുത്തരവാദിത്വമാണെന്ന് വിലയിരുത്തി ഹർജിക്കാരന്റെ അപേക്ഷയിലെ മുഴുവൻ വിവരങ്ങളും രേഖകളും ഫയൽ പരിശോധിച്ച് 7 ദിവസത്തിനുള്ളിൽ സൗജന്യമായി നൽകുന്നതിന് 21.6.2021–ലെ ഒന്നാം അപ്പീൽ തീർപ്പിലൂടെ പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നുമാണ്. മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 14.7.2021–ന് ഇടപ്പള്ളി മേഖല പി.ഐ.ഒ. അപേക്ഷകന് വിശദമായി മറുപടി നൽകിയിരുന്നു എന്നും എന്നാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ മുഴുവനായും ലഭ്യമാക്കാൻ എതിർകക്ഷികൾക്ക് കഴിഞ്ഞില്ല എന്ന് ആരോപിച്ചുകൊണ്ടാണ് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ ഫയൽ ചെയ്തിരിക്കുന്നതെന്നും നഗരസഭയിൽ നിന്നും ലഭ്യമായ വിവരങ്ങൾ ഹർജിക്കാരന് പി.ഐ.ഒ. നൽകിയിട്ടുണ്ടെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് വളരെ ലാഘവത്തോടെയുള്ള മറുപടിയാണ് ഒന്നാം എതിർകക്ഷി 5.5.2021–ലെ Ey-3/PIO/5567/15026/2021 നമ്പർ കത്തിലൂടെ ഹർജിക്കാരന് നൽകിയിരുന്നത് എന്ന് കമ്മീഷന് ബോധ്യമാകുന്നു. എതിർകക്ഷി ഓഫീസിൽ ലഭ്യമായ യാതൊരു വിവരവും നൽകാതെ ഹർജിക്കാരന്റെ അപേക്ഷയിലെ 38 ഇനങ്ങളിൽ ഒരെണ്ണം പോലും വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്ന ഒന്നാം എതിർകക്ഷിയുടെ മറുപടി വിവരാവകാശ നിയമപ്രകാരം അംഗീകരിക്കത്തക്കതല്ല. ഇപ്രകാരം വിവരാവകാശ അപേക്ഷയിലെ 38 ഇനങ്ങളിൽ ഒന്നിനു പോലും മറുപടി നൽകാതെയും നിശ്ചിത തീയതിയോ, സമയമോ അറിയിക്കാതെ രേഖകൾ നേരിട്ട് പരിശോധിക്കാൻ നിർദ്ദേശിച്ചുകൊണ്ട് മറുപടി നൽകിയതും ക്രമപ്രകാരമല്ല. ടി വീഴ്ചകൾ വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ടി വീഴ്ചയ്ക്ക് കാരണക്കാരനായ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പ് പ്രകാരം ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതാണ്.

ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

7.രണ്ടാം എതിർകക്ഷിയുടെ 21.6.2021-ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 14.7.2021-ന് ഒന്നാം എതിർകക്ഷി ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതായും ഹർജിക്കാരന്റെ അപേക്ഷയിലെ ഒന്നാം ഇനത്തിലെ ചോദ്യവുമായി ബന്ധപ്പെട്ട് കമ്മീഷന് നേരിട്ട് മറുപടി നൽകുന്നതിനായി 7.10.2021-ലെ Ey-3/PIO/5567/15026/2021 നമ്പർ കത്ത് പ്രകാരം ഒന്നാം എതിർകക്ഷി മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിക്ക് കുറിപ്പ് നൽകിയിട്ടുള്ളതായും കാണുന്നു. ടി നടപടി വിവരം മുനിസിപ്പൽ സെക്രട്ടറി ഈ ഉത്തരവ് കൈപ്പറ്റി 30 ദിവസത്തിനകം കമ്മീഷനിൽ ലഭ്യമാക്കേണ്ടതാണ്. ആയതിനായി ഈ ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ സെക്രട്ടറി കൊച്ചി നഗരസഭ സെക്രട്ടറിക്ക് അയച്ചു കൊടുക്കേണ്ടതാണ്.

8. ഒന്നാം അപ്പീൽ തീർപ്പിന്റെ അടിസ്ഥാനത്തിൽ 14.7.2021-ന് ഒന്നാം എതിർകക്ഷി മറുപടി നൽകിയിരുന്നെങ്കിലും ആയതിന് ശേഷവും അപേക്ഷയിലെ 3, 5, 6, 7, 8, 9, 10, 11, 12, 13, 14, 15, 16, 18, 22, 25, 26, 31, 37 എന്നീ ഇനങ്ങൾക്ക് പൂർണ്ണമായ മറുപടി ലഭിച്ചിട്ടില്ല എന്ന് ഹർജിക്കാരൻ വ്യക്തമാക്കിയിട്ടുള്ളതിനാൽ ഒന്നാം എതിർകക്ഷി ഹിയറിംഗ് വേളയിൽ കമ്മീഷൻ മുമ്പാകെ ഉറപ്പ് നൽകിയ പ്രകാരം 'Skyline Orion Park Owners Association' ഭാരവാഹികൾ നൽകിയ പരാതിയിന്മേലുള്ള റിപ്പോർട്ട് ഉൾപ്പെടെയുള്ള രേഖാപകർപ്പുകൾ/വിവരം ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം ഹർജിക്കാരന് സൗജന്യമായി നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

9. പൊതു അധികാരിയുടെ കൈവശമുള്ളതോ അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ ലഭ്യമാക്കുക എന്നതാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്ന നിലയിലുള്ള അവരുടെ പ്രധാന ചുമതല. മറ്റ് ഔദ്യോഗിക കൃത്യങ്ങളോടൊപ്പമാണ് എസ്.പി.ഐ.ഒ. എന്ന നിലയിലുള്ള അവരുടെ ചുമതലകളും എസ്.പി.ഐ.ഒ. നിർവ്വഹിക്കേണ്ടുന്നത്. അപ്രകാരം ചുമതല വഹിക്കുമ്പോൾ എതിർകക്ഷി സ്ഥാപനം പോലുള്ള പൊതുജനങ്ങൾ നേരിട്ട് ബന്ധപ്പെടുന്ന സ്ഥാപനത്തിൽ നിന്നും പൊതുജനങ്ങൾക്ക് നൽകി വരുന്ന സേവനങ്ങൾക്ക് തടസം വരാതെ വേണം അവർ പ്രവർത്തിക്കേണ്ടത് എന്നതിനാൽ അപേക്ഷകൻ സമർപ്പിച്ച പോലുള്ള അതിബ്രഹത്തായ ചോദ്യങ്ങൾ വിവരാവകാശ നിയമപ്രകാരം ചോദിച്ച് ടി സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനത്തെ അത് ബാധിക്കുന്നില്ല എന്നത് ശ്രദ്ധിക്കേണ്ടതാണെന്ന് കമ്മീഷൻ ഹർജിക്കാരനെ ഓർമ്മപ്പെടുത്തുന്നു.

9. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 ഡിസംബർ 3–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

us